**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.393**
**27.02.2018 ൽ മറുപടി നൽകേണ്ടത്**

## ക്ഷേമ പെൻഷൻ

**ചോദ്യം**
ശ്രീ. വി. ജോയി

**മറുപടി**
ഡോ. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | കേരളത്തിൽ നൽകി വരുന്ന ക്ഷേമ പെൻഷനുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | കേരളത്തിൽ നൽകിവരുന്ന സാമൂഹ്യ സുരക്ഷാ പെൻഷന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1) കർഷക തൊഴിലാളി പെൻഷൻ<br>2) ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ<br>3) ഇന്ദിരാ ഗാന്ധി ദേശീയ വികലാംഗ പെൻഷൻ<br>4) ഇന്ദിരാ ഗാന്ധി ദേശീയ വിധവാ പെൻഷൻ<br>5) 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ<br>മറ്റ് ക്ഷേമ പെൻഷനുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ക്ഷേമ പെൻഷനുകളിൽ ഓരോന്നിലും ആകെ എത്ര രൂപ വീതമാണ് പ്രതിമാസം നൽകി വരുന്നതെന്നും എത്ര പേർക്കെന്നും വ്യക്തമാക്കാമോ; | സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| | |
|---|---|
| കർഷക തൊഴിലാളി പെൻഷൻ | 483244 |
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 2084738 |
| ഇന്ദിരാ ഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 357684 |

<table>
<tr><td></td><td></td><td>
<table>
<tr><td>ഇന്ദിരാ ഗാന്ധി ദേശീയ വിധവാ പെൻഷൻ</td><td>1237455</td></tr>
<tr><td>50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ</td><td>77748</td></tr>
</table>
<br>സാമൂഹ്യ സുരക്ഷാ പെൻഷൻവിതരണത്തിനാവശ്യമായ ആകെ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>
<table>
<tr><td>കർഷക തൊഴിലാളി പെൻഷൻ</td><td>531568400</td></tr>
<tr><td>ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ</td><td>2483976600</td></tr>
<tr><td>ഇന്ദിരാ ഗാന്ധി ദേശീയ വികലാംഗ പെൻഷൻ</td><td>393452400</td></tr>
<tr><td>ഇന്ദിരാ ഗാന്ധി ദേശീയ വിധവാ പെൻഷൻ</td><td>1361200500</td></tr>
<tr><td>50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ</td><td>85522800</td></tr>
</table>
</td></tr>
<tr><td>(സി)</td><td>ക്ഷേമ പെൻഷനുകൾ പുതുതായി ലഭിക്കുന്നതിന് എത്ര പുതിയ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;</td><td>സാമൂഹ്യ സുരക്ഷാ പെൻഷൻ പുതുതായി ലഭിക്കുന്നതിന് 15/09/2017 തിയതി വരെ 337193 അപേക്ഷകൾ പ്രാദേശിക സർക്കാരുകളിൽ ലഭിച്ചിട്ടുണ്ട്.<br>മറ്റ് ക്ഷേമ പെൻഷനുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.</td></tr>
<tr><td>(ഡി)</td><td>പുതിയ അപേക്ഷകർക്ക് അടിയന്തിരമായി ക്ഷേമ പെൻഷൻ അനുവദിക്കുമോ?</td><td>അർഹരായ വികലാംഗ പെൻഷൻ അപേക്ഷകർക്ക് ഡേറ്റാ എൻട്രി ചെയ്യുന്നതിന് സൈറ്റ് ഉടൻ തുറന്ന് നൽകുന്നതാണ്. അനർഹരായ നിരവധി പേർ പെൻഷൻ കൈപറ്റുന്നു എന്ന സി എ ജി കണ്ടെത്തലിന്റെ കൂടെ അടിസ്ഥാനത്തിൽ പ്രായോഗികമായി</td></tr>
</table>

| | | |
|---|---|---|
| | | ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള ഒരു പഠനം നടക്കുകയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ അർഹതാ മാനദണ്ഡങ്ങൾ സംബന്ധിച്ച് അവസാന തീരുമാനമെടുത്ത് താമസംവിനാ മറ്റുള്ളവർക്കും ഡേറ്റാ എൻട്രിയ്ക്കുള്ള അനുമതി നൽകുന്നതാണ്. (ഇപ്പോൾ ഈ പ്രശ്നം പരിഹരിക്കുകയും ഡേറ്റാ എൻട്രി അനുവദിക്കുകയും അർഹരായവർക്ക് പെൻഷൻ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.) |

സെക്ഷൻ ഓഫീസർ

| അനുബന്ധം | | | |
|---|---|---|---|
| ക്രമ നമ്പർ | ക്ഷേമനിധി ബോർഡ് പെൻഷൻ പദ്ധതി | ക്ഷേമ പെൻഷൻ | ക്ഷേമ പെൻഷൻ പുതുതായി ലഭിക്കുന്നതിന് കിട്ടിയ പുതിയ അപേക്ഷകൾ. |
| 1 | കേരള റേഷൻ വ്യാപാരി ക്ഷേമനിധി ബോർഡ് (തനതു ഫണ്ട്) | കേരള റേഷൻ വ്യാപാരി ക്ഷേമനിധി ബോർഡിൽ നിന്നും 06/2016 മുതൽ 1500/- രൂപ (06/16 ന് മുമ്പ് പ്രതിമാസം 500/- രൂപ) പ്രതിമാസ പെൻഷൻ നൽകിവരുന്നു. 1197 പേർക്ക് നിലവിൽ പെൻഷൻ നൽകിവരുന്നു. | 200 |
| 2 | കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് | ബോർഡിൽ നിന്നും പ്രതിമാസം 2000 രൂപ നിരക്കിൽ 2018 ഫെബ്രുവരി മാസം വരെ 6850 പേർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട്. | 400 |
| 3 | കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് | കൈത്തറി തൊഴിലാളി ക്ഷേമനിധി പെൻഷൻ 1100/- രൂപ നിരക്കിൽ 9290 പേർക്ക് നൽകി വരുന്നു. | 302 |
| 4 | കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് (തനതു ഫണ്ട്) | കേരള അബ്കാരി തൊഴിലാളി ക്ഷേമപെൻഷൻ പരമാവധി 2000/- രൂപവരെ 520 പേർക്ക് നൽകി വരുന്നു. | - |
| 5 | സംസ്ഥാന കലാകാര പെൻഷൻ | 1500/- രൂപ നിരക്കിൽ 3047 ഗുണഭോക്താക്ക് നൽകിവരുന്നു. | 45 |
| 6 | സർക്കസ് കലാകാര പെൻഷൻ | 1200/- രൂപ വീതം 1277 പേർക്ക് പെൻഷൻ നൽകി വരുന്നു. | 55 |
| 7 | അവശ കായികതാരങ്ങൾക്കുള്ള പെൻഷൻ | കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിൽ നിന്നും 70 വയസ്സിന് മുകളിൽ 1100/- രൂപ, 60 വയസ്സിന് മുകളിൽ 850/- രൂപ, 55 വയസ്സിന് മുകളിൽ 600/- രൂപ എന്ന ക്രമത്തിൽ വയസ്സ് അടിസ്ഥാനത്തിൽ ആകെ 106 പേർക്ക് പെൻഷൻ നൽകിയിട്ടുണ്ട്. | 38 |
| 8 | കേരള ഖാദി തൊഴിലാളി ക്ഷേമനിധി | കേരള ഖാദി തൊഴിലാളി ക്ഷേമനിധി ചട്ട പ്രകാരം പ്രതിമാസ പെൻഷൻ 1100/- രൂപ വച്ച് 675 പേർക്ക് നൽകി വരുന്നു. | 3 |

| | | | |
|---|---|---|---|
| 9 | കരകൗശല വിദഗ്ധർക്കുള്ള വാർദ്ധക്യകാല പെൻഷൻ | കരകൗശല വിദഗ്ധർക്കുള്ള വാർദ്ധക്യകാല പെൻഷൻ പ്രതിമാസം 1000/- രൂപ വീതം 74 പേർക്കും നൽകി വരുന്നു. | - |
| 10 | മുൻ കയർ തൊഴിലാളികൾക്കുള്ള പെൻഷൻ | 1989-ലെ കയർ തൊഴിലാളി ക്ഷേമനിധി പദ്ധതി നിലവിൽ വരുന്നതിനു മുമ്പ് 60 വയസ് പൂർത്തീകരിച്ച കാരണത്തിൽ ക്ഷേമനിധിയിൽ അംഗമാകാൻ കഴിയാതെ വന്ന മുൻ കയർ തൊഴിലാളികളായ 13,630 പേർക്ക് പ്രതിമാസം 1100/- രൂപ നിരക്കിൽ പെൻഷൻ നൽകിവരുന്നു. | - |
| 11 | കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് | ക്ഷേമനിധി അംഗങ്ങളിൽ 54607 പേർക്ക് 1100/- രൂപ നിരക്കിൽ പെൻഷൻ നൽകിവരുന്നു.. | 1940 |
| 12 | ക്യാൻസർ, ക്ഷയം, കുഷ്ഠം എന്നീ രോഗബാധിതർക്കുള്ള പെൻഷൻ | കുടുംബവാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാത്ത ക്യാൻസർ, ക്ഷയം, കുഷ്ഠം ഇവയിൽ ഏതെങ്കിലും രോഗം ബാധിച്ച രോഗികൾക്ക് മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രത്തിന്റേയും വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രതിമാസം 1000/- രൂപ നിരക്കിൽ പെൻഷൻ അനുവദിച്ചുനൽകിവരുന്നു. | 36374 |
| 13 | വ്യാപാരി ക്ഷേമ ബോർഡ് | വ്യാപാരി ക്ഷേമ ബോർഡിൽ നിന്നും വ്യാപാരി ക്ഷേമ പെൻഷൻ പ്രതിമാസം സർക്കാർ ഗ്രാന്റ് അനുവദിക്കുന്ന മുറയ്ക്ക് ഗഡുക്കളായി നൽകി വരുന്നു. 31.08.2017 വരെ 11500 പേർക്ക് വ്യാപാരി ക്ഷേമ പെൻഷൻ നൽകിവരുന്നു. | പ്രതിമാസം ശരാശരി 100 |
| 14 | കേരള ആധാരമെഴുത്തുകാരുടേയും, പകർപ്പെഴുത്തുകാരുടെയും, സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി | കേരള ആധാരമെഴുത്തുകാരുടേയും, പകർപ്പെഴുത്തുകാരുടെയും, സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധിയിൽ നിന്നും 2000/- രൂപ വീതം 8 പേർക്ക് പെൻഷൻ നൽകുന്നു. 1000/- രൂപ വീതം 12 പേർക്ക് കുടുംബ പെൻഷനും, 1000/- രൂപ വീതം 2 പേർക്ക് പ്രത്യേക പെൻഷനും നൽകി വരുന്നു. | 3 |
| 15 | കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി | 04.08.2017 ലെ സ.ഉ.(കൈ) നം. 359/2017/ധന നമ്പർ പ്രകാരം 2017 ഏപ്രിൽ മാസം മുതൽ പ്രതിമാസം 1100/- രൂപ വീതം 1457 പേർക്കാണ് ക്ഷേമനിധി പെൻഷൻ അനുവദിച്ചു വരുന്നത്. (18.02.2019-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 91/2019/ധന ഉത്തരവ് പ്രകാരം 2019 ഏപ്രിൽ മാസം മുതൽ പ്രതിമാസ ക്ഷേമനിധി പെൻഷൻ 1200/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. | - |

| | | | |
|---|---|---|---|
| 16 | കേരള ചുമട്ടു തൊഴിലാളി ക്ഷേമ പെൻഷൻ | ബോർഡിലെ അൺ അറ്റാച്ച്ഡ് വിഭാഗം തൊഴിലാളികൾക്ക് 1100/- രൂപ മുതൽ 11000/- രൂപ വരെ സർവ്വീസ് കാലയളവിന്റെയും ആർജ്ജിത വേതനത്തിന്റെയും അടിസ്ഥാനത്തിൽ തനതു ഫണ്ടിൽ നിന്നും 7558 പേർക്കും, സ്കാറ്റേർഡ് വിഭാഗം തൊഴിലാളികൾക്ക് സർക്കാർ ധനസഹായത്താൽ 1100/- രൂപ നിരക്കിൽ 3150 പേർക്കും പ്രതിമാസം പെൻഷൻ നൽകി വരുന്നു | **46**<br>(21 സ്കാറ്റേർഡ് വിഭാഗം)<br>**(25 അൺ അറ്റാച്ച്ഡ് വിഭാഗം)** |
| 17 | ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി പെൻഷൻ | 1100/- രൂപ നിരക്കിൽ 135 പേർക്ക് പെൻഷൻ നൽകിവരുന്നു | 30 |
| 18 | കേരള ആഭരണ തൊഴിലാളി ക്ഷേമനിധി പെൻഷൻ | 1100/- രൂപ നിരക്കിൽ 71 പേർക്ക് പെൻഷൻ നൽകിവരുന്നു | 8 |
| 19 | കേരള മോട്ടോർ തൊഴിലാളി ക്ഷേമ പെൻഷൻ<br>(തനതു ഫണ്ട്) | മിനിമം പെൻഷൻ 1100/- രൂപയാണ്. എന്നാൽ 8 വർഷത്തിൽ കൂടുതൽ സർവ്വീസുള്ള പെൻഷണർക്ക് അധികമുള്ള ഓരോ വർഷത്തിനും വാർഷിക വർദ്ധനവ് അനുവദിക്കുന്നു. ആകെ 637 പേർക്ക് പെൻഷൻ നൽകിവരുന്നു | 551 |
| 20 | കേരള തയ്യൽ തൊഴിലാളി ക്ഷേമ പെൻഷൻ | 1100/- രൂപ നിരക്കിൽ 43233 പേർക്ക് പെൻഷൻ നൽകിവരുന്നു | 3548 |
| 21 | കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി പെൻഷൻ (തനതു ഫണ്ട്) | സർവ്വീസ് കാലയളവ് അനുസരിച്ച് 6 സ്ലാബുകളിലായി 2000/- രൂപ മുതൽ 5000/- രൂപ വരെ പ്രതിമാസ പെൻഷനായി നൽകിവരുന്നു പെൻഷൻകാരുടെ എണ്ണം -16491 | 462 |
| 22 | കേരള അലക്ക് തൊഴിലാളി ക്ഷേമ പെൻഷൻ | 1100/- രൂപ നിരക്കിൽ 409 പേർക്ക് പെൻഷൻ നൽകിവരുന്നു | - |
| 23 | കേരള ഗാർഹിക തൊഴിലാളി ക്ഷേമനിധി പെൻഷൻ | 1100/- രൂപ നിരക്കിൽ 376 പേർക്ക് പെൻഷൻ നൽകിവരുന്നു | - |
| 24 | കേരള ബാർബർ ബ്യൂട്ടീഷ്യൻസ് തൊഴിലാളി ക്ഷേമ പെൻഷൻ | 1100/- രൂപ നിരക്കിൽ 1266 പേർക്ക് പെൻഷൻ നൽകിവരുന്നു | - |

| | | | |
|---|---|---|---|
| 25 | കേരള അസംഘടിത തൊഴിലാളി (റിട്ടയേർഡ്) പെൻഷൻ | 1100/- രൂപ നിരക്കിൽ 9016 പേർക്ക് പെൻഷൻ നൽകിവരുന്നു | 1061 അപേക്ഷകൾ (റിട്ടയേർഡ്) പെൻഷന് (ബോർഡ് രൂപീകരണത്തിന് മുമ്പുള്ളവർക്ക്) ലഭിച്ചിട്ടുണ്ട്. കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് രൂപീകരിച്ചതിന് ശേഷമുള്ളവർക്കുള്ള പെൻഷന് 434 പുതിയ അപേക്ഷകൾ ലഭിച്ചിട്ടുണ്ട് |
| 26 | കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമ പെൻഷൻ | 8500 പേർക്ക് 2019 മാർച്ച് മാസം വരെ പ്രതിമാസം 1100/- രൂപ നിരക്കിലും 2019 ഏപ്രിൽ മാസം മുതൽ പ്രതിമാസം 1200/- രൂപ നിരക്കിലും പെൻഷൻ നൽകിവരുന്നു | 145 |
| 27 | കേരള ബീഡി ചുരുട്ട് തൊഴിലാളി ക്ഷേമ പെൻഷൻ | 2890 പേർക്ക് 2019 മാർച്ച് മാസം വരെ പ്രതിമാസം 1100/- രൂപ നിരക്കിലും 2019 ഏപ്രിൽ മാസം മുതൽ പ്രതിമാസം 1200/- രൂപ നിരക്കിലും പെൻഷൻ നൽകിവരുന്നു | 7 |
| 28 | കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ പെൻഷൻ (തനതു ഫണ്ട്) | മെമ്പർ പെൻഷൻ - 1100/- രൂപ<br>ഫാമിലി പെൻഷൻ - 550/- രൂപ<br>സാന്ത്വനം പെൻഷൻ - 1100/- രൂപ<br>അവശതാ പെൻഷൻ - 1100/- രൂപ<br>ആകെ പെൻഷണേഴ്സ് - 273113 | 3705 |
| 29 | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി പെൻഷൻ | 1100/- രൂപ നിരക്കിൽ പെൻഷൻ നൽകിവരുന്നു<br>ആകെ പെൻഷണേഴ്സ് - 66539 | 1645 |

| | | | |
|---|---|---|---|
| 30 | മത്സ്യ ബോർഡ് | മത്സ്യ തൊഴിലാളി/അനുബന്ധ തൊഴിലാളി വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ എന്നിവ പ്രതിമാസ നിരക്കിൽ 1200/- രൂപ വീതം ഏപ്രിൽ 2019 മുതൽ നൽകി വരുന്നു. 2018 ഡിസംബർ മുതൽ 2019 ഏപ്രിൽ വരെയുള്ള പെൻഷൻ മത്സ്യബോർഡിന്റെ 62712 പെൻഷണർമാർക്ക് വിതരണം ചെയ്തിട്ടുണ്ട്. | 4136 |